LIBRARY ARCHIVES Kerala Legislative Assembly

പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നുപിടിക്കാതിരിക്കാൻ നടപടി

72 (2623) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്നുപിടിച്ച പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു പിടിക്കുന്ന രീതിയിലുള്ളതാണോ ; എങ്കിൽ ഇതിനെതിരെ എന്തു പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇതുവരെ പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു പിടിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരിൽ രോഗ ലക്ഷണം കണ്ടെത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്ന നേരിടാൻ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ പടർന്നുപിടിച്ച പക്ഷിപ്പനി വളരെ പെട്ടെന്ന് ജനങ്ങളിലേക്ക് പടർന്നുപിടിക്കുന്ന രീതിയിലുള്ളതല്ല എന്നാൽ ചില അപൂർവ്വ സാഹചര്യങ്ങളിൽ ഈ രോഗം മനുഷ്യരിലേക്ക് പകരാൻ സാധ്യതയുണ്ട്.

- പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചു പ്രവർത്തിച്ചുവരുന്നു.

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തിവരുന്നുണ്ട്.

- രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കിലോമീറ്റർ ചുറ്റളവിലും അതിന് പുറത്തുള്ള 9 കിലോമീറ്റർ ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നുവരുന്നു.

• പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.

• ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റ് അനുബന്ധ ജീവനക്കാർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഐ.സി.യു., വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്.

(ബി) സംസ്ഥാനത്ത് ഇതുവരെ പക്ഷിപ്പനി മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ച് പ്രത്യേകം പരിശീലനം മൃഗസംരക്ഷണ വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് നൽകിയിട്ടുണ്ട്.

രോഗബാധിത പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഫീൽഡ് വിഭാഗം ജീവനക്കാർക്കും ആശാ പ്രവർത്തകർക്കും പരിശീലനം നൽകിയിട്ടുണ്ട്. ജനങ്ങളുടെ ബോധവൽക്കരണത്തിനുവേണ്ടി ലഘുലേഖകളും ബിറ്റ് നോട്ടീസുകളും വിതരണം ചെയ്തിട്ടുണ്ട്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ തസ്തികകളും ഒഴിവുകളും

73 (2624) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ അനുവദനീയമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ എത്ര ; ഇതിൽ ജോലി ചെയ്യുന്നവർ എത്ര ; ഒഴിവുകൾ എത്ര എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly